LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടത്തിയ പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ

195 (4549) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ നടപ്പിൽ വരുത്തിയ പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആണ് 2006-2010 കാലയളവിൽ നടപ്പിലാക്കിയത് ; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ ; അവ ഏതെല്ലാമെന്നും എത്ര രൂപയുടേതാണെന്നും വ്യക്തമാക്കുമോ ;

(സി) പാലക്കാട്-ഷൊർണ്ണൂർ റോഡിൽ കണ്ണിയംപുറം തോടിൽ അഡീഷഷണൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയും ;

(ഇ) പാലക്കാട് ഷൊർണ്ണൂർ റോഡിൽ ഈസ്റ്റ്-ഒറ്റപ്പാലത്ത് ഒരു അഡീഷണൽ ബ്രിഡ്ജ് നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി - ഇ) കണ്ണിയംപുറം പാലം നിർമ്മിക്കുന്നതിന് 245 ലക്ഷം രൂപയുടേയും കാക്കതോടിനു കുറുകേ ഈസ്റ്റ് ഒറ്റപ്പാലത്ത് പാലം നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

പാറശ്ശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പ്രവൃത്തികൾ

196 (4550) ശ്രീ ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാൻ എത്രയാണ് ഉള്ളതെന്നും പൂർത്തീകരിക്കാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്